മുഖ്യമന്ത്രിയുടെ ദുരിതാശ്വാസ നിധിയിൽ നിന്നുള്ള ധനസഹായം

86 (3717) ശ്രീ. ജി. സുധാകരൻ : താഴെ കാണുന്ന ചോദ്യത്തിന് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ :

ശ്രീ. വിശ്വമോഹനൻ, ദൈവപുരയ്ക്കൽ കോളനി, പുന്നപ്ര എന്നയാൾ മുഖ്യമന്ത്രിയുടെ ദുരിതാശ്വാസ നിധിയിൽനിന്നും ധനസഹായം ലഭിക്കുന്നതിന് സമർപ്പിച്ച അപേക്ഷ 1194/ഡിആർഎഫ്/സി.എം.2013 നമ്പരായി ലഭിച്ചുവെന്ന് 5-3-2013-ൽ അപേക്ഷകന് മറുപടി നൽകിയെങ്കിലും നാളിതുവരെ അപേക്ഷകന് ധനസഹായം ലഭ്യമാകാത്തത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ; കാരണം വ്യക്തമാക്കാമോ ?

ഉത്തരം

ശ്രീ. വിശ്വമോഹനൻ, ദൈവപുരയ്ക്കൽ കോളനി, പുന്നപ്ര എന്നയാൾക്ക് മാതാവിന്റെ അപകടമരണത്തിന് ആശ്വാസധനസഹായമായി മുഖ്യമന്ത്രിയുടെ ദുരിതാശ്വാസ നിധിയിൽനിന്നും 1,00,000 രൂപ 3-12-2012-ലെ സ.ഉ.(സാധാ) നമ്പർ7395/12 പ്രകാരം അനുവദിച്ച് വിതരണം ചെയ്തിട്ടുള്ളതിനാൽ ഇതേ ആവശ്യത്തിനായി 1194/ഡിആർഎഫ്/സി.എം.2013 നമ്പരായി ലഭിച്ച അപേക്ഷയിന്മേൽ അനുവദിച്ച 1,00,000 രൂപ വിതരണം ചെയ്തിട്ടില്ല.

മുഖ്യമന്ത്രിയുടെ ദുരിതാശ്വാസ നിധിയിൽ നിന്നുള്ള ധനസഹായം

87 (3718) ശ്രീ. ബാബു എം. പാലിശ്ശേരി : താഴെ കാണുന്ന ചോദ്യത്തിന് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ :

വാഹനാപകടങ്ങളിലും മറ്റപകടങ്ങളിലും മരണം സംഭവിച്ചവരുടെ ആശ്രിതർക്ക് കഴിവതും വേഗത്തിൽ ധനസഹായം വിതരണം ചെയ്യുന്നതിനു നടപടി സ്വീകരിക്കുമോ ?

ഉത്തരം

ധനസഹായത്തിനുള്ള അപേക്ഷകരുടെ ബാഹുല്യവും ആയതനുസരിച്ചുള്ള ഫണ്ടിന്റെ ലഭ്യതക്കുറവും കാരണം ഉത്തരവ് പുറപ്പെടുവിച്ച് കഴിഞ്ഞാലും ഗുണഭോക്താക്കൾക്ക് തുക ലഭ്യമാകാൻ കാലതാമസം നേരിടുന്നുണ്ട്. കാലതാമസം കൂടാതെ വിതരണം ചെയ്യുന്നതിന് കർശന നിർദ്ദേശം ജില്ലാ കളക്ടർമാർക്ക് നൽകിയിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly